കേരള സർക്കാർ

നം. ഇ 3/176/2022/ഐ&പി.ആർ.ഡി.

വിവര പൊതുജന സമ്പർക്ക(ഇ) വകുപ്പ്
തിരുവനന്തപുരം
തീയതി: 03.03.2023

**സർക്കുലർ**

വിഷയം :-വിവര പൊതുജന സമ്പർക്ക വകുപ്പ്- ഹർജികൾ സംബന്ധിച്ച സമിതി (2019-21)യുടെ നാലാമത് റിപ്പോർട്ടിലെ പൊതു ശിപാർശകൾ/നിർദ്ദേശങ്ങൾ വകുപ്പിൽ നടപ്പിലാക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- ഹർജികൾ സംബന്ധിച്ച സമിതി (2019-21)യുടെ നാലാമത് റിപ്പോർട്ടിലെ പൊതു ശിപാർശകൾ/ നിർദ്ദേശങ്ങൾ

ഹർജികൾ സംബന്ധിച്ച സമിതി (2019-21)യുടെ നാലാമത് റിപ്പോർട്ടിലെ പൊതു ശിപാർശകളിൽ സമിതി മുമ്പാകെ ലഭിയ്ക്കുന്ന ഹർജ്ജികളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സൂചന പ്രകാരം അവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) റിപ്പോർട്ടിനായി സർക്കാർ വകുപ്പുകളിലേക്കയ്ക്കുന്ന ഹർജിയിന്മേലുള്ള റിപ്പോർട്ട് യഥാസമയം സമിതിക്ക് ലഭ്യമാക്കുന്നുണ്ടെന്ന് വകുപ്പ് മേധാവി ഉറപ്പ് വരുത്തേണ്ടതും യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

2) ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം വകുപ്പുമേധാവി/റീജിണൽ ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കേണ്ടതും സമിതി തെളിവെടുപ്പ് യോഗം ചേരുന്നതിന് തലേ ദിവസമോ അന്നേ ദിവസമോ റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുമാണ്.

3) സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്ക് പങ്കെടുക്കുവാൻ സാധിക്കാത്തപക്ഷം അവർക്ക് പകരം തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയത്തിൽ വേണ്ടത്ര പഠനം നടത്തി ആയത് പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങളുമായി സമിതി യോഗങ്ങളിൽ ഹാജരാകേണ്ടതാണ്.

4) ജില്ലാതല യോഗങ്ങളിൽ ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ നിന്നും വിട്ടുനില്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

5) ഹർജികളിന്മേലുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ, സമിതിയുടെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലുമുള്ള റിപ്പോർട്ട് എന്നിവ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ ലഭ്യമാക്കേണ്ടതും വകുപ്പിലെ പാർലമെന്റ് സെക്ഷൻ ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതുമാണ്.

സുഭാഷ് ടി വി ഐ എ എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടറേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും
വെബ്& ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ
പകർപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ , ഡയറക്ടറുടെ സി.എ